# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് നാല്പത്തിനാല്

## തേജസ്സിലേക്കുള്ള പാത

## (3)

### III. വഴിയിൽവച്ചുള്ള കൊടുങ്കാറ്റ്

Tue തേജസ്സിലേക്കുള്ള പാതയിൽ നാം കർത്താവിനെ അനുഗമിക്കുമ്പോൾ, നാം ആദ്യം തിരസ്കരണം അനുഭവമാക്കുകയും, അതിനുശേഷം നമ്മുടെ ദൈനംദിന ജീവിതാവശ്യങ്ങളുടെ കുറവു സഹിക്കുകയും ചെയ്യും. ഇതിനുശേഷം, നാം വഴിയിൽ കൊടുങ്കാറ്റ് അനുഭവിക്കുന്നു (14:22-23). പതിന്നാലാം അധ്യായത്തിലെ കൊടുങ്കാറ്റു സൂചിപ്പിക്കുന്നത് തിരസ്കരിക്കപ്പെട്ട രാജാവിനെ നാം അനുഗമിക്കുന്ന പാതയിൽ എപ്പോഴും കുഴപ്പങ്ങൾ ഉണ്ടായിരിക്കും എന്നാണ്. പതിമൂന്നാം അധ്യായത്തിന്റെ അവസാനം മുതൽ പതിനാറാം അധ്യായത്തിന്റെ അവസാനം വരെ, അനേകം പ്രതിലോമ കാര്യങ്ങളുണ്ട്. മാനുഷികമായി പറഞ്ഞാൽ, തേജസ്സിലേക്കുള്ള പാതയിൽ നാം തിരസ്കരിക്കപ്പെട്ട രാജാവിനെ അനുഗമിക്കുമ്പോൾ, ഒന്നും നല്ലതല്ല. എല്ലാം ഒരു പ്രശ്നമാണെന്നു തോന്നും. തിരസ്കരണം നിങ്ങൾ ഇഷ്ടപ്പെടുന്നുവോ? നിങ്ങളുടെ ദൈനംദിന ജീവിതത്തിനായുള്ള അവശ്യസാധനങ്ങളുടെ കുറവുണ്ടായിരിക്കുന്നത് നിങ്ങൾ ആസ്വദിക്കുന്നുവോ? കടലിലുള്ള കൊടുങ്കാറ്റിനെ നിങ്ങൾ വിലമതിക്കുന്നുവോ? നമ്മുടെ പാതയിൽ തിരസ്കരണമോ, ദിവസേനയുള്ള ആവശ്യകതകളുടെ കുറവോ, കൊടുങ്കാറ്റോ ഇല്ലെങ്കിൽ, നാം വാസ്തവത്തിൽ പാതയിലല്ല എന്നതിന്റെ ഒരു സൂചനയാണത്. നാം സത്യമായും തേജസ്സിലേക്കുള്ള പാതയിലാണെങ്കിൽ നമുക്ക് പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരിക്കും.

### A. ശിഷ്യന്മാർ പടകിൽ—സഭയിൽ—യാത്ര ചെയ്യുന്നു

വാക്യം 22 പറയുന്നു, "ഉടനെ അവൻ പുരുഷാരത്തെ പറഞ്ഞയയ്ക്കുവോളം, ശിഷ്യന്മാരോട് പടകിൽ കയറി തനിക്കു

മുമ്പേ അക്കരെ പോകുവാൻ നിർബന്ധിച്ചു." പെട്ടെന്ന്, തന്നെ വിട്ടുപോകുവാൻ കർത്താവ് ശിഷ്യന്മാരെ നിർബന്ധിച്ചു. എന്നാൽ അവൻ അവരോടുകൂടെ പോയില്ല. പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കുവാൻ കൂടുതൽ സമയം അവന് ഉണ്ടായിരിക്കേണ്ടതിനായി പടകിൽ പോകുവാൻ അവൻ അവരെ നിർബന്ധിച്ചു. വാക്യം 23 സൂചിപ്പിക്കുന്നതുപോലെ, പ്രാർഥിക്കുവാൻ അവൻ മലയിലേക്കു കയറിപ്പോയി. കർത്താവ് അവരെ അയയ്ക്കുന്നതിനുമുമ്പ് കർത്താവിന്റെ സഹായത്തിന്റെ ആസ്വാദനത്തിൽ ശിഷ്യന്മാർ പങ്കുചേർന്നിരുന്നു. അവശ്യസാധനങ്ങളുടെ അഭാവം വളരെ സന്തോഷകരമായ ഒരു അനുഭവത്തിൽ കലാശിച്ചിരുന്നു. ശിഷ്യന്മാർ കർത്താവിന്റെ സഹായം ആസ്വദിക്കുകയും അവർ സന്തോഷമുള്ളവരായിരിക്കുകയും ചെയ്തു. നാം അവിടെ ഉണ്ടായിരുന്നുവെങ്കിൽ, നാം നിശ്ചയമായും സന്തോഷമുള്ളവരാകുമായിരുന്നു. കർത്താവ് ചെയ്തതിനെക്കുറിച്ച് പത്രൊസ് വളരെയധികം സംസാരിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. അവൻ ഇങ്ങനെ പറഞ്ഞുകാണും, "യോഹന്നാനേ, അത് മനോഹരമായിരുന്നില്ലേ? അഞ്ച് അപ്പവും രണ്ടു ചെറിയ മീനുംകൊണ്ട് കർത്താവ് എന്തു ചെയ്തുവെന്നു നോക്കൂ!" അപ്പോൾ കർത്താവ് പറഞ്ഞുകാണും, "മിണ്ടാതിരിക്ക്. ഒരു പടകിൽ കയറി എനിക്കു മുമ്പേ അക്കരയ്ക്കു പോകുക. ആസ്വാദ്യകരമായ ഒരു സമയം നിങ്ങൾക്കുണ്ടായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു, എന്നാൽ ഇപ്പോൾ നിങ്ങൾ പോകണം." ശിഷ്യന്മാർ പറഞ്ഞുകാണും, "കർത്താവേ, നീ ഞങ്ങളോടുകൂടെ പോരുമോ?" അപ്പോൾ കർത്താവു പറഞ്ഞുകാണും, "ഇല്ല, നിങ്ങൾ തനിച്ചു പോകുക. ഞാൻ പ്രാർഥിക്കുവാൻ മലയിലേക്കു പോകുകയാണ്." അനേകം പ്രാവശ്യം, കർത്താവിലുള്ള സന്തോഷപ്രദമായ ഒരു ആസ്വാദനത്തിനുശേഷം അവൻ പെട്ടെന്ന് കടലിലേക്കു പോകുവാൻ നമ്മോടു പറയുന്നു. എന്നിട്ട് അവൻ നമ്മെ വിട്ടുപോകുന്നു. ഇത് ഇന്നത്തെ സാഹചര്യത്തിന്റെ ഒരു ഛായാചിത്രമാണ്. കർത്താവ് മലയിലേക്ക്, സ്വർഗത്തിലേക്ക് പോയിരിക്കുന്നു. എങ്കിലും, പ്രതികൂലക്കാറ്റുകളും കൊടുങ്കാറ്റുകളുമുള്ള കടലിലേക്കു പോകുവാൻ അവൻ തന്റെ സഭയോട് ആജ്ഞാപിച്ചു.

## B. സ്വർഗീയ രാജാവ് മലയിൽ പ്രാർഥിക്കുന്നു

വാക്യം 23 പറയുന്നു, "പുരുഷാരത്തെ അയച്ചശേഷം, അവൻ പ്രാർഥിക്കുവാൻ സ്വകാര്യമായി മലയിലേക്കു കയറിപ്പോയി. രാത്രി ആയപ്പോൾ അവൻ അവിടെ തനിയെ ആയിരുന്നു." താൻ പിതാവുമായി ഒന്നായിരിക്കേണ്ടതിനും സ്വർഗരാജ്യത്തിന്റെ സ്ഥാപനത്തിനുവേണ്ടി ഭൂമിയിൽ താൻ ചെയ്തതിലൊക്കെയും പിതാവ് അവനോടുകൂടെ ഉണ്ടായിരിക്കേണ്ടതിനുമായി, മനുഷ്യന്റെ

സ്ഥാനത്തു നിന്നുകൊണ്ട് (4:4) പിതാവിന്റെ പ്രിയ പുത്രനെന്ന നിലയിൽ (3:17) സ്വർഗീയ രാജാവിന് സ്വർഗത്തിലുള്ള തന്റെ പിതാവിനോട് സ്വകാര്യമായി പ്രാർഥിക്കണമായിരുന്നു. അവന് പിതാവുമായി തനിച്ച് ബന്ധപ്പെടേണ്ടതിന് സകല ജനത്തെയും, തന്റെ ശിഷ്യന്മാരെപ്പോലും വിട്ടുകൊണ്ട് മരുഭൂമിയിലല്ല, മലയിൽവച്ചാണ് അവൻ ഇതു ചെയ്തത്.

## C. പ്രതികൂലമായ കാറ്റിൻകീഴിലുള്ള തിരകളാൽ ശിഷ്യന്മാരുള്ള പടക് വലയുന്നു

വാക്യം 24 പറയുന്നു, "പടക് അപ്പോഴേക്കും തിരകളാൽ വലഞ്ഞുകൊണ്ട് കടലിനു മധ്യേ ആയിരുന്നു, എന്തെന്നാൽ കാറ്റ് പ്രതികൂലമായിരുന്നു." പടക് ഒരു കൊടുങ്കാറ്റിനാൽ വലഞ്ഞിരുന്നുവെന്ന വസ്തുത തീർച്ചയായും കർത്താവ് ശ്രദ്ധിച്ചു. പടകിൽ കയറി തനിക്കുമുമ്പെ പോകുവാൻ അവൻ ശിഷ്യന്മാരെ നിർബന്ധിച്ചപ്പോൾ, ഒരു കൊടുങ്കാറ്റ് വരികയാണെന്ന് അവൻ മുൻകൂട്ടി കണ്ടിരുന്നു. എങ്കിലും അവൻ അവരോടൊപ്പം പോയില്ല. മറിച്ച്, പ്രാർഥിക്കുവാൻ അവൻ മലയിലേക്കു പോയി. ഇന്ന് കർത്താവായ യേശു ഒരു മലയിലും, അതായത് സ്വർഗത്തിലും (റോമ. 8:34; എബ്രാ. 7:25), സഭ കടലിലും ആണ്. ദിനംപ്രതി നാം പ്രതികൂലക്കാറ്റുകളെ അഭിമുഖീകരിക്കുന്നു. നാം അനഹേമിലേക്ക് ആദ്യമായി വന്ന ദിവസം മുതൽ പ്രതികൂലക്കാറ്റ് വീശിക്കൊണ്ടിരിക്കുന്നു. ശാന്തമായ ഒരു ദിവസം നമുക്കുണ്ടായിരുന്നില്ല. സഭയെന്ന പടക് സ്ഥിരമായി വലയ്ക്കപ്പെട്ടിരുന്നു. എങ്കിലും, ഇതാണ് നമ്മുടെ ഭാഗധേയം. കർത്താവ് നമുക്കുവേണ്ടി പ്രാർഥിച്ചുകൊണ്ട് സ്വർഗത്തിലുണ്ടെന്ന വസ്തുത നമുക്ക് ആശ്വാസത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഒരു ഉറവിടമാണ്. പ്രതികൂലക്കാറ്റുകൾ എത്ര ശക്തമാണെന്ന് നാം ശ്രദ്ധിക്കുന്നില്ല, കാരണം കർത്താവ് നമുക്കുവേണ്ടി മലയിൽ പ്രാർഥിച്ചുകൊണ്ടിരിക്കുന്നുവെന്ന് നമുക്കറിയാം. കൊടുങ്കാറ്റ് എതിരാളിയുടെ നിയന്ത്രണത്തിലല്ല, അത് കർത്താവിന്റെ പാദത്തിൻ കീഴിലാണ്.

പ്രതികൂലക്കാറ്റിനെ ഭയപ്പെടരുത്. അവയാൽ അസ്വസ്ഥരാകേണ്ട ആവശ്യമില്ല. എന്തു സംഭവിച്ചാലും ഞാൻ യാതൊന്നിനെക്കുറിച്ചും ഭയമില്ലാത്തവനാണെന്ന് മറ്റുള്ളവർക്ക് എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ചിന്താഭാരത്തിൽനിന്നും സ്വതന്ത്രനായി ഏതു രാത്രിയിലും ഞാൻ നന്നായി ഉറങ്ങുന്നുവെന്നും, ഉച്ചകഴിഞ്ഞ് എനിക്ക് ഒരു നല്ല മയക്കം ഉണ്ടെന്നും എന്റെ ഭാര്യക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. പ്രശ്നങ്ങളാൽ ഞാൻ വിഷമിക്കുന്നില്ല എന്നതിൽ ചിലപ്പോൾ എന്റെ ഭാര്യ ആശ്ചര്യപ്പെടുന്നു. എനിക്ക് അനേകം കാര്യങ്ങൾ ചെയ്യുവാനുണ്ട്; അതിനാൽ ഒരു നല്ല വിശ്രമം എടുക്കേണ്ടത് എന്റെ കർത്തവ്യമാണ്. നമ്മുടെ ഭാഗധേയം

കർത്താവിന്റെ കരത്തിലായതുകൊണ്ട് നമുക്ക് ഒന്നിനെക്കുറിച്ചും ഭയപ്പെടുവാനുള്ള കാരണമില്ല. പ്രതികൂലക്കാറ്റുകളും എതിർപ്പും അവന്റെ പാദത്തിൻ കീഴിലാണ്. കർത്താവ് നമുക്കുവേണ്ടി പ്രാർഥിച്ചും നമുക്കുവേണ്ടി മധ്യസ്ഥത ചെയ്തുകൊണ്ടും ഒരു ഉയർന്ന മലയിലുണ്ട്. കാറ്റ് എത്ര ശക്തമാണെന്ന് അവൻ അറിയുന്നു. അവൻ കാറ്റിനെ നോക്കി ചിരിച്ചുകൊണ്ട് ഇങ്ങനെ പറയുമായിരിക്കും, "കൊച്ചു കാറ്റേ, നീ എനിക്ക് ഒന്നുമല്ല. നീ എന്താണ് ചെയ്യുവാൻ ശ്രമിക്കുന്നത്? എന്റെ സഭയോട് നിനക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. പടകിലുള്ളവർ എന്റെ അനുയായികളാണ്. വാസ്തവത്തിൽ അവർ ഞാൻ തന്നെയാണ്. ഞാനിവിടെ സ്വർഗത്തിലാണെങ്കിലും, ഞാൻ അവരോടുകൂടെയും ആണ്." ഉയർന്ന മലയെയും, ശല്യപ്പെടുത്തുന്ന തിരമാലകളെയും, പ്രതികൂലക്കാറ്റുകളെയും, കടലിലുള്ള ചെറിയ പടകിനെയുംകുറിച്ചുള്ള എത്ര ആശ്ചര്യകരമായ ഒരു ചിത്രമാണിത്! കാറ്റുകളും തിരമാലകളുമെല്ലാം നമ്മുടെ നന്മയ്ക്കായി ചേർന്നു പ്രവർത്തിക്കുന്നു. എതിർപ്പ് നമ്മുടെ നന്മയ്ക്കായി പ്രവർത്തിക്കുന്നവെന്ന് നിങ്ങൾ വിശ്വസിക്കുന്നില്ലേ? നിശ്ചയമായും അതു പ്രവർത്തിക്കുന്നു. അനഹേമിൽ എതിർപ്പ് നമുക്കുവേണ്ടി എത്രയധികം നന്മ പ്രവർത്തിച്ചുവെന്ന് നാം കണ്ടിരിക്കുന്നു.

യേശുക്രിസ്തു സ്വർഗത്തിലാണെന്ന് ഞാൻ വിശ്വസിക്കുന്നില്ലെന്നു പറഞ്ഞുകൊണ്ട് ചിലർ എന്നെ കുറ്റംവിധിച്ചിട്ടുണ്ട്. സ്വർഗത്തിലേക്കു നോക്കാതെ നിങ്ങളുടെ ഉള്ളിലുള്ള ക്രിസ്തുവിലേക്കു നോക്കുവാൻ നിങ്ങളോട് എപ്പോഴും പറയുന്നുവെന്നു പറഞ്ഞുകൊണ്ട്, ഞാൻ വളരെ ആന്തരികനാണെന്ന് എന്നെക്കുറിച്ച് അവർ ആരോപിക്കുന്നു. നാം രണ്ടു ദിശകളിലേക്കു നോക്കണമെന്നതാണു സത്യം. ഒന്നാമത്, നമ്മുടെ ഉള്ളിലുള്ള കർത്താവിലേക്കു നോക്കി നാം പറയണം, "കർത്താവായ യേശുവേ, എന്നിലുള്ള നിന്റെ വാസസ്ഥലത്തിൽ നീ സന്തുഷ്ടനാണോ? ഈ സ്ഥലം നീ ആസ്വദിക്കുന്നുണ്ടോ?" ക്രിസ്തു നമ്മിലുണ്ടെന്ന് നാം എല്ലാവരും കാണണം. അവനെ ആസ്വദിക്കുന്നതിനായി അവൻ നമ്മുടെ ഉള്ളിൽ വസിക്കുന്നുവെന്ന് നാം അറിയണം. അവൻ വളരെ ദൂരെയായിരുന്നെങ്കിൽ, അവനെ ആസ്വദിക്കുവാൻ നമുക്ക് കഴിയുമായിരുന്നില്ല. രണ്ടാമത്, കർത്താവിൽ ആശ്രയിക്കേണ്ടതിനായി, അവൻ അധികാരത്തോടെ ഇരുന്ന് നമുക്കുവേണ്ടി മധ്യസ്ഥത ചെയ്യുന്നിടമായ സ്വർഗത്തിലേക്ക് അവനെ നാം നോക്കണം. താമസിയാതെ അവൻ നമ്മുടെ അടുക്കലേക്കു വരുന്ന വഴിയിലായിരിക്കാം. ഹല്ലേലൂയ്യാ, അവൻ നമ്മുടെ ഉള്ളിലും നമുക്കുവേണ്ടി മധ്യസ്ഥത ചെയ്തുകൊണ്ട് സ്വർഗത്തിലും ആണ്! നാം ഇതു കാണുന്നുവെങ്കിൽ, ഏതൊരു കൊടുങ്കാറ്റും

നമ്മെ വലയ്ക്കുകയോ, വിഷമിപ്പിക്കുകയോ, ശല്യപ്പെടുത്തുകയോ ചെയ്യുകയില്ല, കാരണം പടക് അവന്റെ പടകാണെന്ന്, സഭ അവന്റെ സഭയാണെന്ന് നമുക്ക് ഉറപ്പുണ്ടായിരിക്കും. കടലിന് പടകിനെ നശിപ്പിക്കുവാൻ കഴിയുകയില്ല. മറിച്ച് കടൽ പടകിനെ സേവിക്കുന്നു. നാം കാണാൻപോകുന്നതുപോലെ, കാറ്റും തിരമാലകളും പത്രൊസിനെ വളരെയധികം പഠിപ്പിച്ചു.

Wed

## D. സ്വർഗീയ രാജാവ് ശിഷ്യന്മാരുടെ അടുക്കലേക്ക് കടലിന്മേൽ നടന്നു വരുന്നു

"രാത്രിയുടെ നാലാം യാമത്തിൽ അവൻ കടലിന്മേൽ നടന്നുകൊണ്ട് അവരുടെ അടുക്കൽ വന്നു" (വാ. 25). റോമൻ കാവൽക്കാരെ സംബന്ധിച്ചിടത്തോളം, സൂര്യാസ്തമയം മുതൽ സൂര്യോദയം വരെ മൂന്നു മണിക്കൂർ വീതമുള്ള നാല് രാത്രി യാമങ്ങൾ ഉണ്ടായിരുന്നു. ഒന്നാമത്തെ യാമം സന്ധ്യാ യാമവും, രണ്ടാമത്തേത് അർധരാത്രി യാമവും, മൂന്നാമത്തേത് കോഴികൂകുന്ന യാമവും, നാലാമത്തേത് പ്രഭാത യാമവും ആയിരുന്നു (മർക്കൊ. 13:35). നാലാമത്തെ യാമം രാവിലെ മൂന്നു മണിമുതൽ ആറു മണിവരെ ആയിരുന്നിരിക്കണം.

കടലിന്മേൽ നടന്നുകൊണ്ട് കർത്താവ് തന്റെ ശിഷ്യന്മാരുടെ അടുക്കലേക്കു വന്നുവെന്ന് വാക്യം 25 പറയുന്നു. തന്റെ ശിഷ്യന്മാർ തിരകളാൽ വലഞ്ഞുകൊണ്ടിരുന്നപ്പോൾ കർത്താവ് അവയുടെമേൽ നടക്കുകയായിരുന്നു. അവൻ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഭരണാധിപനും ആണെന്ന് ഇത് സാക്ഷ്യപ്പെടുത്തുന്നു (ഇയ്യോ. 9:8).

## E. സ്വർഗീയ രാജാവ് തന്റെ സാന്നിധ്യത്താൽ ശിഷ്യന്മാർക്ക് ധൈര്യം കൊണ്ടുവരുന്നു

കർത്താവ് ഒരു പ്രേതമായിരുന്നുവെന്നു ചിന്തിച്ചുകൊണ്ട് ശിഷ്യന്മാർ ഭയംമൂലം നിലവിളിച്ചു (വാ. 26). "എന്നാൽ ഉടനെ യേശു, ധൈര്യമായിരിക്കുവിൻ. ഞാനാകുന്നു, ഭയപ്പെടേണ്ട എന്നു പറഞ്ഞുകൊണ്ട് അവരോടു സംസാരിച്ചു" (വാ. 27). സ്വർഗീയ രാജാവ് തന്റെ സാന്നിധ്യത്താൽ ശിഷ്യന്മാർക്ക് ധൈര്യം കൊണ്ടുവന്നു. അവൻ ഒരു പ്രേതമാണെന്ന്, ഒരു ഭൂതമാണെന്ന്, അവർ തെറ്റിദ്ധരിച്ചപ്പോൾ, "ഇത് ഞാനാകുന്നു" എന്നു പറഞ്ഞുകൊണ്ട് അവൻ അവരെ പ്രോത്സാഹിപ്പിച്ചു.

## F. കാഴ്ചയാലല്ല, വിശ്വാസത്താൽ ശിഷ്യന്മാർ കൊടുങ്കാറ്റിൽ നടക്കുവാൻ പഠിക്കുന്നു

വാക്യം 28 പറയുന്നു, "പത്രൊസ് അവനോട് ഉത്തരമായി, കർത്താവേ അത് നീയാകുന്നു എങ്കിൽ വെള്ളത്തിന്മേൽ നിന്റെ അടുക്കൽ വരുവാൻ എന്നോടു കല്പിക്കേണം എന്നു

പറഞ്ഞു." "വരിക" എന്ന് കർത്താവു പറഞ്ഞപ്പോൾ, പത്രൊസ് പടകിൽനിന്നിറങ്ങി "വെള്ളത്തിന്മേൽ നടന്ന് യേശുവിന്റെ അടുക്കൽ വന്നു" (വാ. 29). ഇതു ചെയ്യുവാൻ പത്രൊസിനു മാത്രമേ ധൈര്യമുണ്ടായിരുന്നുള്ളൂ. നമ്മിലാരെങ്കിലും പത്രൊസിനോളം ധൈര്യമുള്ളവനായിരിക്കുമോ എന്ന് ഞാൻ സംശയിക്കുന്നു. പത്രൊസിന് വെള്ളത്തിന്മേൽ നടക്കുവാൻ കഴിഞ്ഞുവെന്നത് ഒരു അത്ഭുതമായിരുന്നു. വിശ്വാസത്താൽ അവൻ തിരമാലകളുടെമേൽ നടന്നു. കർത്താവിന്റെ വാക്കിന്മേലുള്ള നമ്മുടെ പ്രവൃത്തിയാണ് വിശ്വാസം. വിശ്വാസം ഉണ്ടായിരിക്കുകയെന്നാൽ കാര്യങ്ങൾ ചെയ്യുവാൻ നാം പ്രാപ്തരാണെന്ന് അർഥമില്ല; ഒരു പ്രത്യേക ദിശയിലേക്കു പോകുവാൻ നമ്മുടെ മനസ്സിനെ നാം ഒരുക്കുന്നു എന്നും അതിനർഥമില്ല. വിശ്വാസം അർഥമാക്കുന്നത്, നാം വളരെ ബലഹീനരായിരുന്നാലും കർത്താവിന്റെ വാക്കിന്മേൽ പ്രവർത്തിക്കുവാൻ നാം ധൈര്യപ്പെടുന്നു എന്നാണ്. "വരിക" എന്ന് കർത്താവ് പത്രൊസിനോടു പറയുകയും, പത്രൊസ് ആ വാക്ക് സ്വീകരിക്കുകയും, അതിന്മേൽ പ്രവർത്തിക്കുകയും, തിരമാലകളിന്മേൽ നടക്കുകയും ചെയ്തു. നിങ്ങൾക്ക് വിശ്വാസമുണ്ടോ ഇല്ലയോ എന്നു പരിശോധിക്കരുത്. നിങ്ങളെത്തന്നെ നിങ്ങൾ പരിശോധിക്കുന്നുവെങ്കിൽ, പെട്ടെന്നുതന്നെ നിങ്ങളുടെ വിശ്വാസം അപ്രത്യക്ഷമാകും. "ഞാൻ വിശ്വാസത്തിൽ ശക്തനാണോ? എന്റെ വിശ്വാസം പര്യാപ്തമാണോ?" എന്ന് നിങ്ങളോടുതന്നെ ചോദിക്കരുത്. ഇങ്ങനെ നിങ്ങളോടുതന്നെ നിങ്ങൾ ചോദിക്കുന്നുവെങ്കിൽ, നിങ്ങൾ പെട്ടെന്ന് തിരമാലകൾക്കടിയിൽ മുങ്ങിപ്പോകും.

പത്രൊസിനെക്കുറിച്ച് വാക്യം 30 പറയുന്നു, "എന്നാൽ ശക്തമായ കാറ്റ് കണ്ടുകൊണ്ട് അവൻ ഭയന്നു: അവൻ മുങ്ങുവാൻ തുടങ്ങുമ്പോൾ, കർത്താവേ, എന്നെ രക്ഷിക്കേണമേ! എന്നു പറഞ്ഞുകൊണ്ട് നിലവിളിച്ചു!" പത്രൊസ് പടകിൽനിന്നും താഴേക്കു വരുകയും കർത്താവിന്റെ വാക്കിൽ വിശ്വാസത്താൽ തിരമാലകളിന്മേൽ നടക്കുകയും ചെയ്തു (വാ. 29); എങ്കിലും അവൻ ശക്തമായ കാറ്റു കണ്ടപ്പോൾ അവന്റെ വിശ്വാസം അപ്രത്യക്ഷമായി. പരിതസ്ഥിതികളെ കണ്ടുകൊണ്ടല്ല, കർത്താവിന്റെ വാക്കിലുള്ള വിശ്വാസത്താൽ മാത്രം അവൻ നടക്കണമായിരുന്നു (2 കൊരി. 5:7). പത്രൊസ് സഹായത്തിനായി നിലവിളിച്ചപ്പോൾ "യേശു കൈ നീട്ടി അവനെ പിടിച്ച്, അല്പവിശ്വാസിയേ, നീ എന്തിനു സംശയിച്ചു? എന്ന് അവനോടു ചോദിച്ചു" (വാ. 31). "വരിക" (വാ. 29) എന്ന് കർത്താവ് പത്രൊസിനോടു പറഞ്ഞതിനാൽ, പത്രൊസ് ആ വാക്കിന്മേൽ നിൽക്കുകയും സംശയിക്കാതിരിക്കുകയും വേണമായിരുന്നു. തന്മൂലം, കർത്താവ് അവനെ ശാസിച്ചു. കർത്താവിന്റെ വാക്കിലും കർത്താവിന്റെ വാക്കിന്മേൽ നിൽക്കുന്നതിലുംനിന്ന് വിശ്വാസം

വരുന്നു. നമുക്ക് കർത്താവിന്റെ വാക്കുള്ളിടത്തോളം, നാം അവന്റെ വാക്കിൽ വിശ്വസിക്കുകയും സംശയിക്കാതിരിക്കുകയും വേണം.

യാതൊരു കൊടുങ്കാറ്റിനാലും വിഷമിക്കരുത്, കാരണം നാം പടകിൽ, കർത്താവിന്റെ സഭയിൽ ആണ്. നമുക്ക് കർത്താവിനെ കാണുവാനോ അവൻ നമ്മോടുകൂടെ ഉണ്ടെന്ന് അനുഭവിക്കുവാനോ കഴിയില്ലെങ്കിൽപോലും, അവൻ നമുക്കുവേണ്ടി മധ്യസ്ഥത ചെയ്തുകൊണ്ട് മലമേൽ ഉണ്ടെന്ന ഉറപ്പ് നമുക്കുണ്ടായിരിക്കാം. ഒരുപക്ഷേ അവൻ പടകിലേക്കുള്ള വഴിയിൽപോലും ആയിരിക്കാം. അവൻ മലയിൽ മധ്യസ്ഥത ചെയ്യുകയോ നമ്മുടെ നേരേ തിരമാലകളിന്മേൽ നടന്നുവരുകയോ ചെയ്യുമ്പോൾ നാം അസ്വസ്ഥരാകരുത്. ചില സമയത്ത് നമുക്ക് ആന്തരികമായി സമാധാനം ഉണ്ടായിരിക്കുക മാത്രമല്ല, തിരമാലകളിന്മേൽ നടക്കുവാൻ അവനിൽനിന്നും ഒരു വാക്ക് ലഭിക്കുകപോലും ചെയ്തേക്കാം. അങ്ങനെയുള്ള ഒരു വാക്ക് നമുക്ക് ലഭിക്കുമ്പോൾ, നാം കൊടുങ്കാറ്റുള്ള കടലിന്മേൽ നടന്നുപോകണം. എതിർപ്പിനാലും ഉപദ്രവത്താലും വിഷമിക്കരുത്. സകല എതിർപ്പിലൂടെയും എതിർപ്പിന്മേലും നടന്നുകൊണ്ട് കർത്താവിന്റെ വാക്കിനാൽ അവനെ എതിരേൽക്കുവാൻ നമുക്ക് നടക്കാം. ഇതാണ് വിശ്വാസം.

അല്പവിശ്വാസം ഉണ്ടായിരുന്നതുകൊണ്ട് നാം പത്രൊസിനെ പഴിക്കരുത്. പടകിലുള്ള എല്ലാ ശിഷ്യന്മാരുടെയും ഇടയിൽ കർത്താവിന്റെ സാന്നിധ്യം ആസ്വദിക്കുന്നതിൽ പത്രൊസ് ഒന്നാമനായിരുന്നു. നമ്മിൽ ചിലർ വളരെ മന്ദഗതിയിലുള്ളവരും വളരെ ഭീരുക്കളുമാണ്. വളരെ വേഗത്തിൽ ചെയ്യുന്നവരെ വിമർശിക്കരുത്. ചില സമയങ്ങളിൽ നിങ്ങൾതന്നെ വേഗതയുള്ളവനായിരിക്കേണ്ട ആവശ്യമുണ്ട്. ഏതാണ് നിങ്ങൾ ഇഷ്ടപ്പെടുന്നത്—പത്രൊസിനെപ്പോലെ ആയിരിക്കുവാനോ അതോ തോമാസിനെപ്പോലെ ആയിരിക്കുവാനോ? പത്രൊസ് ധൈര്യമുള്ളവനായിരുന്നു, എന്നാൽ തോമാസ് ഭീരുവും ജാഗ്രതയുള്ളവനും ആയിരുന്നു. സഭകളിൽ ശ്രദ്ധാലുക്കളായ, ജാഗ്രതയുള്ളവരായ അനേകരുണ്ട്. എന്നാൽ പത്രൊസ് ജാഗ്രതയുള്ളവനായിരുന്നില്ല. കർത്താവിൽനിന്നും ഒരു വാക്ക് കേട്ട ഉടനെ അവൻ പടകിൽനിന്ന് വെള്ളത്തിലേക്ക് ഇറങ്ങി. എന്നാൽ, ജാഗ്രതയുള്ളവനായ ഒരുവൻ പറയും, "തന്നെ രക്ഷിക്കുവാൻ പത്രൊസിന് കർത്താവിനോട് നിലവിളിക്കേണ്ടിവന്നു. സഹായത്തിനുവേണ്ടി നാം നിലവിളിക്കേണ്ട ആവശ്യമില്ല. നാം പടകിൽ സുരക്ഷിതരാണ്." അതെ, നിങ്ങൾ പടകിൽ സുരക്ഷിതരാണ്, എന്നാൽ നിങ്ങൾ കർത്താവിന്റെ സാന്നിധ്യത്തിലല്ല. കർത്താവിന്റെ സാന്നിധ്യത്തിലേക്ക് മടങ്ങിച്ചെല്ലുവാൻ ഒന്നാമനായിരുന്ന പത്രൊസിനെപ്പോലെയല്ല നിങ്ങൾ.

പത്രൊസ് വലിയ കുഴപ്പങ്ങൾ വരുത്തിവച്ചു. വേഗതയുള്ളവർ എപ്പോഴും കുഴപ്പമുണ്ടാക്കുന്നു, എന്നാൽ ഭീരുക്കൾ ഒരിക്കലും പ്രശ്നങ്ങളൊന്നും ഉണ്ടാക്കുന്നില്ല. ഭീരുക്കൾ പ്രശ്നങ്ങളൊന്നും ഉണ്ടാക്കുന്നില്ലെങ്കിലും, അവർ കർത്താവിന്റെ സന്നിധ്യത്തെ കൊണ്ടുവരുന്നില്ല. ജാഗ്രതയുള്ളവരെക്കൊണ്ട് യാതൊന്നും സംഭവിക്കുന്നില്ല എന്നു തോന്നുന്നു. വർഷങ്ങൾ കടന്നുപോകുന്തോറും സകലവും ശാന്തമായി തുടരുന്നു. എന്നാൽ പത്രൊസിനെപ്പോലെയുള്ളവർ എപ്പോഴും കാര്യങ്ങളെ ഇളക്കിക്കൊണ്ടിരിക്കുന്നു. അവർ കുഴപ്പം ഉണ്ടാക്കുന്നുണ്ടാകാം, എന്നാൽ കർത്താവ് അവരെ രക്ഷിക്കുകയും അതിലൂടെ അവർ കർത്താവിന്റെ സന്നിധിയിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്നു. ജാഗ്രതയുള്ളവരായ നിങ്ങളിൽ ചിലർ ഒരല്പം കുഴപ്പം ഇളക്കിവിടുകയും, എന്നിട്ട് രക്ഷിക്കുവാൻ കർത്താവിനോട് നിലവിളിക്കുകയും, അവന്റെ സന്നിധിയിലേക്ക് കടക്കുകയും ചെയ്യേണ്ടതാവശ്യമാണ്. കർത്താവിനെ കൂടുതൽ ആസ്വദിക്കുന്നത് ആരെന്നാണ് നിങ്ങൾ ചിന്തിക്കുന്നത്—ജാഗ്രതയുള്ളവരോ അതോ വേഗവാന്മാരോ? ഉത്തരം തീർച്ചയായും വേഗവാന്മാരാണ്. എന്നിരുന്നാലും, ഭീരുക്കൾ പറഞ്ഞേക്കാം, "നമുക്ക് ഉറങ്ങാം. ഇപ്പോഴല്ലെങ്കിൽ പിന്നീട് കർത്താവായ യേശു വരും. നാം കടലിൽ ചാടുകയും, കുഴപ്പമുണ്ടാക്കുകയും, എന്നിട്ട് രക്ഷിക്കുന്നതിന് നിലവിളിക്കുകയും ചെയ്യേണ്ട ആവശ്യമില്ല. കർത്താവിന്റെ സാന്നിധ്യത്തിലേക്ക് നാം അത്ര വേഗത്തിൽ പോകേണ്ട ആവശ്യമില്ല. നാം സാവധാനത്തിലായിരിക്കുയും ശാന്തരായിരിക്കുകയും ചെയ്താൽ, കർത്താവു വരും." ഒരർഥത്തിൽ ജാഗ്രതയുള്ളവർ ശരിയും പത്രൊസിനെപ്പോലെയുള്ളവർ തെറ്റുമാണ്. എന്നാൽ കർത്താവിന്റെ ആസ്വാദനം ധൈര്യമുള്ളവർക്ക് ഭീരുക്കളെക്കാൾ കൂടുതുണ്ട്. എന്നാൽ ഒടുവിൽ, കർത്താവിന്റെ സാന്നിധ്യം പത്രൊസിനോടുകൂടെ മാത്രമല്ല, പടകിലുള്ള എല്ലാ ശിഷ്യന്മാരോടുംകൂടെ ഉണ്ട്.

## G. സ്വർഗീയ രാജാവിന്റെ സാന്നിധ്യം നിമിത്തം കൊടുങ്കാറ്റ് നിലയ്ക്കുന്നു

വാക്യം 32 പറയുന്നു, "അവർ പടകിലേക്കു കയറിയപ്പോൾ കാറ്റു നിലച്ചു." ഇതൊരു അത്ഭുതമാണ്. കർത്താവ് സ്വർഗത്തിന്റെയും ഭൂമിയുടെയും അധിപനാണെന്നു മാത്രമല്ല, തേജസ്സിലേക്കുള്ള പാതയിൽ അവനെ അനുഗമിക്കുന്നവരായ അവന്റെ അനുയായികളുടെ കഷ്ടപ്പാടുകൾക്കുവേണ്ടി അവൻ കരുതുന്നവനുമാണെന്നും ഈ അത്ഭുതം സാക്ഷ്യപ്പെടുത്തുന്നു. നമ്മുടെ പടകിൽ കർത്താവ് ഉണ്ടായിരിക്കുമ്പോൾ കാറ്റ് നിലയ്ക്കുന്നു. ഈ അധ്യായത്തിലെ രണ്ട് അത്ഭുതങ്ങളുടെ വിവരണം വിവക്ഷിക്കുന്നത്

ക്രിസ്തു മതപരവും രാഷ്ട്രീയപരവുമായ ജനങ്ങളാൽ തിരസ്കരിക്കപ്പെട്ടപ്പോൾ അവനും അവന്റെ അനുയായികളും വിജനമായ മരുഭൂമിയിലും കൊടുങ്കാറ്റുള്ള കടലിലും ആയിരുന്നുവെന്നാണ്. എന്നിരുന്നാലും, അവരുടെ ആവശ്യങ്ങൾക്കുവേണ്ടി കരുതുവാനും കഷ്ടപ്പാടുകളിലൂടെ അവരെ വഹിച്ചുകൊണ്ടുപോകുവാനും അവൻ പ്രാപ്തനാണ്.

കർത്താവിന്റെ സാന്നിധ്യം കൊടുങ്കാറ്റ് നിലയ്ക്കുവാൻ കാരണമായി. ഇത് അനേകം പ്രാവശ്യം ഞാൻ അനുഭവിച്ചിട്ടുണ്ട്. കഴിഞ്ഞ അമ്പതു വർഷക്കാലയളവിൽ ഞാൻ എത്രമാത്രം കൊടുങ്കാറ്റുകളിലൂടെ കടന്നുപോയിട്ടുണ്ടെന്ന് എനിക്ക് നിങ്ങളോടു പറയുവാൻ കഴിയുകയില്ല. എന്നാൽ ഒടുവിൽ എല്ലാ കൊടുങ്കാറ്റും നിലച്ചു. ഒരു കൊടുങ്കാറ്റും മൂന്നു മുതൽ അഞ്ചു വർഷത്തെക്കാൾ കൂടുതൽ നീണ്ടുപോയിട്ടില്ല. മൂന്നു മുതൽ അഞ്ചുവരെയുള്ള വർഷക്കാലം വാസ്തവത്തിൽ ഒരു നീണ്ട സമയമല്ല. കർത്താവിന് അത് കുറച്ചു മിനിട്ടുകൾ മാത്രമാണ്, കാരണം അവനെ സംബന്ധിച്ച് ആയിരം വർഷം ഒരു ദിവസമാണ്. പരിഭ്രാന്തരാകരുത്—ഏതു കൊടുങ്കാറ്റും നിലയ്ക്കും.

## H. സ്വർഗീയ രാജാവിനെ ആരാധിക്കുകയും ദൈവപുത്രനായി അവനെ തിരിച്ചറിയുകയും ചെയ്യുന്നു

കാറ്റ് നിലയ്ക്കുവാൻ കർത്താവ് ഇടയാക്കിയതിനുശേഷം "പടകിലുള്ളവർ, നീ സത്യമായും ദൈവപുത്രനാകുന്നു എന്നു പറഞ്ഞുകൊണ്ട് അവനെ ആരാധിച്ചു" (വാ. 33). കർത്താവ് ദൈവപുത്രനാണെന്ന് തിരിച്ചറിയുന്നത് അവൻ ദൈവത്തിനു സമനാണെന്ന് മനസ്സിലാക്കുന്നതാണ് (യോഹ. 5:18). തന്മൂലം, ശിഷ്യന്മാർ കർത്താവിന്റെ ദിവ്യത്വത്തെ അംഗീകരിച്ചുവെന്ന് ഇത് സൂചിപ്പിക്കുന്നു (മത്താ. 1:23; 3:17).

14:22-33-ൽ നമ്മെക്കുറിച്ചുള്ള ഒരു ഛായാചിത്രം നാം കാണുന്നു. നമ്മിൽ ചിലർ പത്രൊസിനെപ്പോലെയും മറ്റു ചിലർ തോമാസിനെപ്പോലെയുമാണ്. എപ്പോഴും കുഴപ്പമുണ്ടാക്കുകയും തെറ്റുകൾ വരുത്തുകയും ചെയ്യുകൊണ്ട് ചിലർ വേഗവാന്മാരും ധൈര്യമുള്ളവരുമാണ്; മറ്റുള്ളവർ ഭീരുക്കളും, ജാഗ്രതയുള്ളവരും, ഉറങ്ങുന്നവരുമാണ്. ഭീരുക്കൾ ധൈര്യമുള്ളവർക്കെതിരെ പിറുപിറുക്കുന്നുണ്ടാകാം, "ഈ സഹോദരൻ വളരെ വേഗവാനാണ്. ഞാൻ അതിനോടു യോജിക്കുന്നില്ല. അവൻ പൂർണമായും തെറ്റാണ്. എന്നാൽ ഞാൻ മെല്ലെപ്പോകുന്നവനും ജാഗ്രതയുള്ളവനുമാണ്." വേഗവാന്മാരെയും ജാഗ്രതയുള്ളവരെയും സംബന്ധിച്ച സഭകളിലെ സാഹചര്യങ്ങളെക്കുറിച്ച് ഞാൻ വളരെ വ്യക്തതയുള്ളവനാണ്. ആരാണ് ധൈര്യമുള്ളവരും കുഴപ്പമുണ്ടാക്കുന്നവരുമെന്നും, ആരാണ് ജാഗ്രതയുള്ളവരും

ഒരിക്കലും പ്രശ്നങ്ങൾ ഉണ്ടാക്കാത്തവരെന്നും എനിക്കറിയാം. ജാഗ്രതയുള്ളവരെ ഞാൻ വിലമതിക്കുന്നു: എങ്കിലും ഞാൻ അവരോടു യോജിക്കുന്നില്ല. അവർ വളരെ ജാഗ്രതയുള്ളവരായതുകൊണ്ട് അവർ ഒരിക്കലും ഒരു വ്യക്തിയെയോ കാര്യത്തെയോ ഇളക്കിവിടുന്നില്ല. ജനം കർത്താവിന്റെ സാന്നിധ്യത്തിലേക്ക് കടക്കത്തക്കവണ്ണം അവർ തിരമാലകളിന്മേൽ നടക്കുവാൻ ഇളക്കപ്പെടേണ്ടതാവശ്യമാണ്. ഇങ്ങനെ ചെയ്യുന്നവർ കർത്താവിനെ പടകിലേക്കു കൊണ്ടുവരും. ജാഗ്രതയുള്ളവരോ, ഭീരുക്കളോ, മന്ദഗതിക്കാരോ, ശ്രദ്ധാലുക്കളോ പടകിലേക്ക് കർത്താവായ യേശുവിനെ ഒരിക്കലും കൊണ്ടുവന്നിട്ടില്ല. ജാഗ്രതയുള്ളവരുടെ കാര്യത്തിൽ, കർത്താവ് സ്വന്തമായി പടകിലേക്കു വരണം. കർത്താവ് ഇതു ചെയ്യുന്നുവെങ്കിൽ, ജാഗ്രതയുള്ളവർ ഉറങ്ങുന്നതായി അവൻ കണ്ടെത്തും. അവനുവേണ്ടി ആരും കാത്തിരിക്കുന്നുണ്ടാവില്ല. തങ്ങളുടെ ഉറക്കത്തിൽനിന്നും ഉണർന്നുകഴിയുമ്പോൾ ജാഗ്രതയുള്ളവർ പറയും, "കർത്താവേ, നീ ഇവിടെ ഉണ്ടല്ലോ. നല്ലകാര്യം. ഇതിനായി കർത്താവിനെ സ്തുതിക്കുന്നു! ഇപ്പോൾ ഉറക്കത്തിലേക്ക് മടങ്ങുവാൻ സമയമായി." മന്ദഗതിയിലുള്ളവരും ശ്രദ്ധാലുക്കളുമായവർ ഒരിക്കലും കുഴപ്പമോ പ്രശ്നങ്ങളോ ഉണ്ടാക്കുന്നില്ല. നാം വേഗവാന്മാരും ധൈര്യമുള്ളവരും ആയിരിക്കണം. എങ്കിലും, പടകിൽനിന്ന് ഇറങ്ങി കടലിന്മേൽ നടക്കുന്നതിന് വേഗവാന്മാരും ധൈര്യമുള്ളവരും ആയിരിക്കുന്നതിൽ നാം നാലു കാര്യങ്ങൾ ശ്രദ്ധിക്കണം: ഒന്നാമത്, കർത്താവിൽനിന്നുള്ള വാക്കു കേൾക്കാതെയല്ല, കർത്താവിന്റെ വാക്കിന്മേൽ നാം പ്രവർത്തിക്കണം; രണ്ടാമത്, നമ്മുടെ ദിശ കർത്താവിലേക്കു തന്നെയായിരിക്കണം; മൂന്നാമത്, നാം കർത്താവിന്റെ സാന്നിധ്യത്തിലേക്കു കടക്കണം; നാലാമത്, നാം പടകിലേക്കു മടങ്ങിവരണം. ഈ നാലു കാര്യങ്ങൾ നാം ശ്രദ്ധിക്കുന്നുവെങ്കിൽ, നാം തെറ്റാണെന്നു തോന്നിയാൽപ്പോലും നാം ശരിയായിരിക്കും.

## IV. സൗഖ്യമാക്കുന്നതിന്റെ ശക്തി

യേശുവും ശിഷ്യന്മാരും ഗന്നേസരത്തിലേക്കു വന്നതിനുശേഷം, ആ സ്ഥലത്തുള്ള ജനം രോഗികളായ എല്ലാവരെയും കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നു. വാക്യം 36 പറയുന്നു, "അവന്റെ വസ്ത്രത്തിന്റെ വിളുമ്പു മാത്രം തൊടേണ്ടതിന് അവർ അവനോടു യാചിച്ചു. തൊട്ടവരൊക്കെയും പൂർണമായി സൗഖ്യം പ്രാപിച്ചു." സൗഖ്യമാക്കുന്ന ശക്തി ക്രിസ്തുവിന്റെ ആന്തരിക ആളത്തത്തിൽനിന്നല്ല, പിന്നെയോ അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽനിന്നു പുറപ്പെട്ടുപോയി. കർത്താവിന്റെ വസ്ത്രം ക്രിസ്തുവിന്റെ നീതിപ്രവൃത്തികളെ സൂചിപ്പിക്കുകയും, വിളുമ്പ്

സ്വർഗീയ ഭരണത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു (സംഖ്യ 15:38-39). സംഖ്യ 15 അനുസരിച്ച്, വസ്ത്രത്തിന്റെ വിളുമ്പ് തന്റെ ചട്ടപ്രകാരം നടക്കുന്ന ദൈവജനത്തിന്റെ നന്മയെ സൂചിപ്പിക്കുന്നു. വിളുമ്പ് ഒരു നീലച്ചരടുകൊണ്ട് ഉണ്ടാക്കപ്പെട്ടിരുന്നു. സ്വർഗീയ നിറമായ നീലനിറത്താൽ സൂചിപ്പിക്കപ്പെടുന്ന ദൈവത്തിന്റെ സ്വർഗീയ ഭരണത്താൽ തങ്ങളുടെ ദൈനംദിന ജീവിതം നിയന്ത്രിക്കപ്പെട്ടിരുന്നുവെന്ന് ഇതു വെളിപ്പെടുത്തി. യേശു ഒരു മനുഷ്യനായി ഭൂമിയിലായിരുന്നപ്പോൾ ഈ രീതിയിൽ അവൻ നടന്നു. അവന്റെ ദിനംപ്രതിയുള്ള നടപ്പ് ദൈവത്തിന്റെ സ്വർഗീയ കല്പനകളാൽ നിയന്ത്രിക്കപ്പെട്ടിരുന്നു. അതുകൊണ്ട്, മറ്റുള്ളവരെ സൗഖ്യമാക്കുന്നതിന് ഒഴുകുവാൻ കഴിഞ്ഞ ഒരു നന്മ അവനോടുകൂടെ ഉണ്ടായിരുന്നു.

സഭജീവിതത്തിൽ സംഭവിക്കുന്ന സൗഖ്യം മുഖ്യമായും കർത്താവായ യേശുവിന്റെ ആന്തരിക ആളത്തത്തിൽനിന്നു വരുന്നതല്ല. മറിച്ച്, അത് പ്രാഥമികമായി കർത്താവിന്റെ മനുഷ്യജീവിതത്തിന്റെ നന്മയിൽനിന്നു വരുന്നതാണ്. പ്രതികൂലക്കാറ്റുകളുടെ നടുവിൽ കടലിന്മേൽ നമ്മോടുകൂടെയുള്ള കർത്താവിന്റെ സാന്നിധ്യത്തെ സഭാജീവിതത്തിൽ നാം അനുഭവമാക്കുന്നു. രോഗികളായ ജനത്തിലേക്ക് എത്തുവാനും അവരെ സൗഖ്യമാക്കുവാനും അവന്റെ നന്മയ്ക്ക് ഒഴുകേണ്ടതിനുള്ള വഴിയെ അവന്റെ സാന്നിധ്യം ഒരുക്കുന്നു. ഈ വിധത്തിലുള്ള സൗഖ്യം ദിവ്യശക്തിയാലുള്ള അത്ഭുതകരമായ സൗഖ്യത്തിൽനിന്നും വ്യത്യസ്തമാണ്. യേശുവിന്റെ വസ്ത്രം അവന്റെ ദിവ്യത്വത്തെയല്ല സൂചിപ്പിക്കുന്നത്. മറിച്ച്, അത് അവന്റെ മനുഷ്യത്വത്തിലുള്ള നീതിപ്രവൃത്തികളെ സൂചിപ്പിക്കുന്നു. അവന്റെ മനുഷ്യത്വം, സ്വർഗീയഭരണത്താൽ നിയന്ത്രിക്കപ്പെടുന്ന നീലച്ചരടിന്റെ അടയാളം വഹിക്കുന്നു. ഇത് രോഗികളെ സൗഖ്യമാക്കുവാൻ പ്രാപ്തിയുള്ള ഒരു നന്മയെ ഉളവാക്കി. ഇത്തരത്തിലുള്ള നന്മ യേശു സാന്നിഹിതനായ ശരിയായ സഭാജീവിതത്തിലൂടെ മാത്രമേ ആവിഷ്കരിക്കപ്പെടുവാൻ കഴിയുകയുള്ളൂ.

ജീവവൃക്ഷത്തിന്റെ ഇലകൾ ജാതികളുടെ രോഗശാന്തിക്കുവേണ്ടിയാണെന്ന് വെളിപ്പാട് 22:2 പറയുന്നു. മുൻകുറിശാസ്ത്രത്തിൽ, ജീവവൃക്ഷത്തിന്റെ ഫലം കർത്താവിന്റെ ദിവ്യജീവനെ പ്രതിനിധീകരിക്കുകയും, ഇലകൾ കർത്താവിന്റെ മാനുഷിക പ്രവൃത്തികളെ പ്രതിനിധീകരിക്കുകയും ചെയ്യുന്നു. കർത്താവിന്റെ ദിവ്യജീവനായ ഫലം നമ്മെ പോഷിപ്പിക്കുന്നതിനുവേണ്ടിയും, കർത്താവിന്റെ മാനുഷിക പ്രവൃത്തികളായ ഇലകൾ മറ്റുള്ളവരുടെ സൗഖ്യത്തിനുവേണ്ടിയുമാണ്. പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും ജീവവൃക്ഷത്തിന്റെ ഇലകൾ ജാതികളുടെ സൗഖ്യത്തിനുവേണ്ടിയായിരിക്കും, അതായത്, ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ

നന്മ ജനത്തെ സൗഖ്യമാക്കും. മത്തായിയിൽ, പടക് അതിന്റെ ഉദ്ദിഷ്ടസ്ഥാനത്ത് എത്തിയശേഷം കർത്താവിന്റെ മാനുഷിക പ്രവൃത്തികളുടെ നന്മ ഏതു തരത്തിലുള്ള രോഗത്തെയും സൗഖ്യമാക്കുവാൻ തക്കവണ്ണം പ്രബലമായിത്തീർന്നു. അതുപോലെ, ഇന്ന് കർത്താവിന്റെ സാന്നിധ്യത്തോടുകൂടെയുള്ള സഭാജീവിതം നമുക്ക് ഉണ്ടായിരിക്കുമ്പോൾ, യേശുവിന്റെ ഉയർത്തപ്പെട്ട മനുഷ്യത്വം നമ്മുടെ ഇടയിലുണ്ട്. ഈ ഉയർത്തപ്പെട്ട മനുഷ്യത്വത്തിന് ക്രിസ്തുവിന്റെ വസ്ത്രത്തിന്റെ വിളുമ്പിനാൽ സൂചിപ്പിക്കപ്പെടുന്ന നന്മയുണ്ട്. സഭാജനമായ നമുക്ക് ശരിയായ സഭാജീവിതം ഉണ്ടായിരിക്കുകയും, ക്രിസ്തുവിനാൽ ജീവിക്കുകയും ചെയ്യുന്നുവെങ്കിൽ നാം അവന്റെ ഉയർത്തപ്പെട്ട മനുഷ്യത്വത്തെ ജീവിച്ചു വെളിപ്പെടുത്തും. ഇത്തരത്തിലുള്ള ജീവിതത്തിൽ നമുക്കു ചുറ്റുമുള്ളവരെ സൗഖ്യമാക്കുവാൻ തക്കവണ്ണം ശക്തിയോടുകൂടെയുള്ള നന്മ ഉണ്ടായിരിക്കും.

മുൻകുറിശാസ്ത്രത്തിൽ, പടക് കരയിൽ വന്നതിനുശേഷം കർത്താവു സന്ദർശിച്ച ദേശം സഹസ്രാബ്ദത്തിന്റെ ഒരു പ്രതീകമായിരുന്നു. സഹസ്രാബ്ദത്തിൽ വളരെയധികം സൗഖ്യമുണ്ടായിരിക്കും. എന്നിരുന്നാലും, സഹസ്രാബ്ദത്തിൽ കാണപ്പെടുന്ന സൗഖ്യം ഇന്ന് അനുഭവമാക്കപ്പെടണം. സഭാജനത്തിന് സഹസ്രാബ്ദത്തിന്റെ ഒരു മുൻരുചി ഉണ്ടായിരിക്കണം. നമുക്കു ചുറ്റുമുള്ളവരെ സൗഖ്യമാക്കുവാൻ കഴിയുന്ന നന്മ ഉണ്ടായിരിക്കുന്നതിന് നാം യേശുവിന്റെ ഉയർത്തപ്പെട്ട മനുഷ്യത്വത്തെ ജീവിച്ചു വെളിപ്പെടുത്തണം. മറ്റുള്ളവർ സൗഖ്യമാക്കപ്പെടുകയെന്നാൽ അവരുടെ ദുഷിച്ച സ്വഭാവത്തിനു മാറ്റം വരുക എന്നാണർഥം. സഭാജീവിതത്തിനു ചുറ്റുമുള്ളവരെല്ലാം ഇരുട്ടിലും ദുഷിപ്പിലുമാണ്. എന്നാൽ സഭാജനം ക്രിസ്തുവിന്റെ ഉയർത്തപ്പെട്ട മനുഷ്യത്വത്തെ ജീവിച്ചു വെളിപ്പെടുത്തുന്നുവെങ്കിൽ, ഇത് അവരിലേക്ക് ഒഴുകുവാനുള്ള സൗഖ്യമാക്കുന്ന ശക്തിക്ക് കാരണമായിത്തീരും. മറ്റു ക്രിസ്ത്യാനികൾപോലും സൗഖ്യമാക്കപ്പെടും.